**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2906

2.4.2013 ൽ
മറുപടിയ്ക്ക്

**സപ്ലൈകോയുടെ താലൂക്ക് കേന്ദ്രങ്ങളിൽ ഗോഡൗണുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. എം.പി. വിൻസെന്റ് : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) 'സപ്ലൈകോ' താലൂക്ക് കേന്ദ്രങ്ങളിൽ ഗോഡൗണുകൾ തുറക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | ബി) പുതിയ ഭക്ഷ്യസുരക്ഷ ബില്ലിന്റെ അടിസ്ഥാനത്തിൽ സമൂഹത്തിലെ 67% ജനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റ് പദ്ധതിയുടെ ഭാഗമായി ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് താലൂക്ക് അടിസ്ഥാനത്തിൽ ഏകദേശം 3 മാസത്തെ ഭക്ഷ്യധാന്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് വേണ്ടിയാണ് ഗോഡൗണുകൾ പണിയുന്നത്. |
| സി) ഇതിനുള്ള ഭൂമി എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് ; | സി) ഇതിനായി സർക്കാർ ഉടമസ്ഥതയിലുള്ള റവന്യൂ പുറംപോക്ക് ഭൂമി സപ്ലൈകോയുടെ പേരിൽ പതിച്ചു വാങ്ങുവാനാണ് ഉദ്ദേശിക്കുന്നത്. |
| ഡി) സപ്ലൈകോയുടെ അവശ്യവസ്തുക്കളുടെ വിതരണം വേഗത്തിലും സുതാര്യവുമാക്കാനുള്ള പദ്ധതി എപ്രകാരം പ്രയോജനപ്പെടുത്തുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ? | ഡി) സപ്ലൈകോയുടെ കീഴിലുള്ള ഹൈപ്പർ മാർക്കറ്റ്, പീപ്പിൾസ് ബസാർ, സൂപ്പർ മാർക്കറ്റ്, മാവേലി സ്റ്റോർ എന്നീ വിൽപ്പന ശാലകൾ വഴി അരി, പഞ്ചസാര, വെളിച്ചെണ്ണ, പയർവർഗ്ഗങ്ങൾ തുടങ്ങി 13 ഇനം അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ വേഗത്തിലും സുതാര്യമായും വിതരണം ചെയ്യാൻ സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ